**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കളിക്കളം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടുന്നുണ്ട്. ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ-യിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ